## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/വിടുതൽ ചെയ്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 27/10/2020 ലെ 40-3/2020-DM-I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 23/12/2020 തീയതിയിലെ അപേക്ഷ.

## ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 തീയതി: 23-12-2020

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും, ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് - 19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ / പ്രദേശങ്ങൾ കണ്ടെയ്ൻമെൻറ് മേഖലകളിൽ നിന്നും ഒഴിവാക്കി** ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30 (2 ) (v) പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1. | മരിയാപുരം ഗ്രാമ പഞ്ചായത്ത് | 13-ാം വാർഡ് പൂർണ്ണമായും. |
| 2. | ഉപ്പുതറ ഗ്രാമ പഞ്ചായത്ത് | എ) 5,6,7 വാർഡുകളിൽ ഉൾപ്പെടുന്ന ഉപ്പുതറ ബിവറേജ് ജംഗ്ഷൻ മുതൽ മക്കപ്പുതാൽ ജംഗ്ഷൻ വരെയുള്ള ഉപ്പുതറ - വാഗമൺ റോഡിന്റെ ഇരുവശവും<br>ബി) വാർഡ് 14 ൽ ഉൾപ്പെട്ട കരിന്തരുവി കാപ്പിക്കാട് ലയം പൂർണ്ണമായും<br>സി) വാർഡ് 15 ൽ ഉൾപ്പെട്ട നാലാം മൈൽ ജംഗ്ഷൻ |

| | | |
|---|---|---|
| | | മുതൽ കൊച്ചുകരിന്തരുവി പാലം വരെയുള്ള നാലാം മൈൽ - വാഗമൺ റോഡിന്റെ ഇരുവശവും<br>ഡി)12 - ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന<br>i) തവര റോഡിൽ തവര പശുപ്പാറ മുതൽ കവാടം പടി വരെയുള്ള ഭാഗങ്ങൾ<br>ii) പത്ത് ഏക്കർ റോഡിൽ തവര പശുപ്പാറ മുതൽ കരിവേലം പടി വരെയുള്ള ഭാഗങ്ങൾ<br>iii) പത്ത് ഏക്കർ റോഡിൽ തവര പശുപ്പാറ മുതൽ വി.കെ പടി വരെയുള്ള ഭാഗങ്ങൾ<br>iv) പത്ത് ഏക്കർ റോഡിൽ തവര പശുപ്പാറ മുതൽ പാറത്തോട് ജംഗ്ഷൻ വരെയുള്ള ഭാഗങ്ങൾ |
| 3. | മൂന്നാർ ഗ്രാമ പഞ്ചായത്ത് | a) 17 -ാം വാർഡിൽ ഉൾപ്പെടുന്ന നല്ലതണ്ണി വെസ്റ്റ് ഡിവിഷൻ (ഇൻസ്റ്റന്റ് ടീ ഡസ്റ്റ് ഫാക്ടറി ഉൾപ്പെടെ)<br>b) 19 -ാം വാർഡിൽ ഉൾപ്പെടുന്ന നല്ലതണ്ണി ഈസ്റ്റ് ഡിവിഷൻ (ജനറൽ ഹോസ്പിറ്റൽ ക്വാർട്ടേഴ്സ് ഉൾപ്പെടെ) |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| **ക്രമ നമ്പർ** | **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്** | **കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല** |
|---|---|---|
| 1. | പുറപ്പുഴ ഗ്രാമപഞ്ചായത്ത് | 10, 11 വാർഡുകളിൽ ഉൾപ്പെടുന്ന വട്ടക്കുഴി - കുണിഞ്ഞി റോഡിൽ വട്ടക്കുഴി ജംഗ്ഷൻ മുതൽ മുണ്ടിയാനി പാലം വരെയുള്ള റോഡിന് ഇരു വശങ്ങളിലുമുള്ള ഭാഗങ്ങൾ |
| 2. | ആലക്കോട് ഗ്രാമപഞ്ചായത്ത് | 12 - ാം വാർഡ് പൂർണ്ണമായും. |
| 3. | കരിങ്കുന്നം ഗ്രാമ പഞ്ചായത്ത് | 7-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന പ്ലാന്റേഷൻ ലക്ഷം വീട് കോളനിയിൽ കുന്നത്ത് സ്റ്റോർ മുതൽ അംഗൻവാടി (പ്ലാന്റേഷൻ കോളനി അംഗൻവാടി) വരെയുള്ള ഭാഗങ്ങൾ. |
| 4. | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | എ) 11-ാം വാർഡ് പൂർണ്ണമായും.<br>ബി) 21-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന ഫാക്ടറി കവല മുതൽ നാലുകണ്ടം പള്ളിക്കാട് വരെയുള്ള ഭാഗങ്ങൾ<br>സി) 23-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന നാലുകണ്ടം പള്ളിക്കാട് മുതൽ പൂണ്ടിക്കുളം വരെയുള്ള ഭാഗങ്ങൾ<br>ഡി) 22 - ാം വാർഡ് പൂർണ്ണമായും. |
| 5. | ഉപ്പുതറ ഗ്രാമ പഞ്ചായത്ത് | 17-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന കാപ്പിപതാൽ ജംഗ്ഷൻ - മലയിൽ പുതുവൽ റോഡിൽ കാപ്പിപതാൽ ജംഗ്ഷൻ മുതൽ സുന്ദർ രാജ് ഷോപ്പ് വരെയുള്ള റോഡിന് ഇരുവശങ്ങളിലുമുള്ള ഭാഗങ്ങൾ |
| 6. | കൊക്കയാർ ഗ്രാമ | 11-ാം വാർഡ് പൂർണ്ണമായും. |

| | | |
|---|---|---|
| | പഞ്ചായത്ത് | |
| 7. | ഏലപ്പാറ ഗ്രാമ പഞ്ചായത്ത് | 13 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസും, അതിന്റെ 200 മീറ്റർ ചുറ്റളവിലുള്ള ഭാഗങ്ങളും |
| 8. | പെരുവന്താനം ഗ്രാമപഞ്ചായത്ത് | 13 -ാം വാർഡ് പൂർണ്ണമായും |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം (23.12.2020) മുതൽ കണ്ടെയ്ൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടെയ്ൻമെൻറ്/ മൈക്രോ കണ്ടെൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്